മുദ്രകൾ

# മൊറോക്കോയിൽ പി.ജെ.ഡിക്ക് വിജയ പ്രതീക്ഷ

**2007** സെപ്റ്റംബർ 7-നാണ് മൊറോക്കോയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ്. മുപ്പതോളം പാർട്ടികൾ സ്ഥാനാർഥികളെ നിർത്തുന്നുണ്ട്. ഇസ്‌ലാമികാഭിമുഖ്യമുള്ള ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (പി.ജെ.ഡി) തെരഞ്ഞെടുപ്പിൽ നല്ല പ്രകടനം കാഴ്ചവെക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പി.ജെ.ഡി സെക്രട്ടറി ജനറൽ ഡോ. സഅ്ദുദ്ദീൻ അൽ ഉസ്മാനിയുമായി 'ഇഖ്‌വാൻ വെബ്' നടത്തിയ അഭിമുഖത്തിൽനിന്ന്:

*പി.ജെ.ഡി തെരഞ്ഞെടുപ്പിന് ഒരുങ്ങിക്കഴിഞ്ഞോ? സ്ഥാനാർഥികളിൽ നല്ലൊരു വിഭാഗം സ്ത്രീകളാണെന്ന് കേൾക്കുന്നു?*

തെരഞ്ഞെടുപ്പിനെ നേരിടാൻ ഒരു വർഷം മുമ്പുതന്നെ ഞങ്ങൾ സമഗ്രമായ ഒരു പ്ലാൻ തയാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു രാഷ്ട്രീയ അജണ്ടക്ക് രൂപം കൊടുത്തു. മീഡിയാ പ്രചാരണം എങ്ങനെയായിരിക്കണമെന്ന് തീരുമാനിച്ചു. ഓരോ മണ്ഡലത്തിലും ജനപിന്തുണയുള്ളവരാണ് സ്ഥാനാർഥി ലിസ്റ്റിലുണ്ടാവുക. തെരഞ്ഞെടുപ്പ് പ്രചാരണത്തിന് മേൽനോട്ടം വഹിക്കാൻ എല്ലായിടത്തും കമ്മിറ്റികൾ രൂപവത്കരിച്ചിട്ടുണ്ട്.

ഇത്തവണ സ്ത്രീ പ്രാതിനിധ്യത്തിന് ഞങ്ങൾ മുന്തിയ പരിഗണന നൽകുന്നുണ്ട്. ലിസ്റ്റ് പൂർത്തിയാവാത്തതുകൊണ്ട് വനിതാ സ്ഥാനാർഥികൾ എത്ര എന്ന് ഇപ്പോൾ പറയാനാവില്ല. മറ്റു പാർട്ടികൾ നിർത്തുന്നതിനേക്കാൾ കൂടുതൽ വനിതാ സ്ഥാനാർഥികളെ ഞങ്ങൾ നിർത്തുമെന്ന് നിങ്ങൾക്കുറപ്പിക്കാം.

*മറ്റു കക്ഷികളുമായി സഖ്യമുണ്ടാക്കിയിട്ടുണ്ടോ?*

പൗരശക്തി (Citizen's Forces) എന്ന സംഘടനയുമായി മാത്രമാണ് ധാരണ. മൊറോക്കോയിലെ തെരഞ്ഞെടുപ്പ് സംവിധാനത്തിൽ സഖ്യമുണ്ടാക്കുക എളുപ്പമല്ല. ഇതിനൊരു ക്രിയാത്മക വശവുമുണ്ട്. മുപ്പത് പാർട്ടികൾ ഒറ്റക്കൊറ്റക്ക് മത്സരിച്ചാൽ പി.ജെ.ഡിക്കായിരിക്കും മികച്ച പ്രകടനം കാഴ്ചവെക്കാനാവുക.

*താങ്കളുടെ പാർട്ടിക്ക് ഭൂരിപക്ഷം കിട്ടിയാൽ ഗവൺമെന്റ് രൂപീകരിക്കാൻ ക്ഷണം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ? അൾജീരിയൻ അനുഭവം ആവർത്തിക്കില്ലെന്ന് എന്താണുറപ്പ്?*

അൾജീരിയ ആവർത്തിക്കില്ലെന്ന് ഞാൻ ഉറപ്പുതരാം. അതേസമയം ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയാലും ഞങ്ങളെ ഗവൺമെന്റ് രൂപവത്കരിക്കാൻ ക്ഷണിക്കണമെന്നില്ല. കാരണം പാർലമെന്റിനേക്കാൾ അധികാരമുള്ള ഒരു ഉപദേശക സമിതിയുണ്ട്. അവർക്കാണ് ഗവൺമെന്റ് രൂപവത്കരണത്തിന്റെ ചുമതലകൾ. ആ സമിതിയിൽ പി.ജെ.ഡിക്ക് പ്രാതിനിധ്യമില്ല. ഭരണത്തിൽ ചേരണമോ വേണ്ടയോ എന്ന കാര്യവും ഞങ്ങൾ ഇതുവരെ തീരുമാനിച്ചിട്ടില്ല.

*മൊറോക്കോയിൽ വർധിച്ചുവരുന്ന ഭീകര പ്രവർത്തനങ്ങളെ പാർട്ടി എങ്ങനെയാണ് നേരിടുന്നത്?*

മുസ്‌ലിം നാടുകളിലെ അമേരിക്കൻ അധിനിവേശത്തോടും അവരുടെ പ്രാകൃതമായ പീഡനരീതികളോടുമുള്ള പ്രതികരണമായാണ് ഭീകരപ്രവർത്തനങ്ങൾ ശക്തിപ്പെടുന്നത്. ഭീകരവാദത്തിനെതിരെ ഞങ്ങൾ വ്യാപകമായ ബോധവത്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ മതകീയ ബോധവത്കരണമാണ് പ്രധാനം. കാരണം ഇസ്‌ലാമികമായ മതബോധം വറ്റിയില്ലാതാവുമ്പോഴാണ് യഥാർഥത്തിൽ തീവ്രവാദ ചിന്ത മുളപൊട്ടുന്നത്. അതിനാൽ ജനങ്ങളെ ഇസ്‌ലാമിന്റെ യഥാർഥ സംസ്കാരം അഭ്യസിപ്പിച്ചാൽ തീവ്രവാദത്തിന് തടയിടാമെന്ന് ഞങ്ങൾ കരുതുന്നു. ■

# *തഫ്ഹീമിന്* പുതിയ ഇംഗ്ലീഷ് വിവർത്തന സംഗ്രഹം

**മൗലാനാ** മൗദൂദിയുടെ വിഖ്യാത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *തഫ്ഹീമുൽ ഖുർആന്* പുതിയ ഇംഗ്ലീഷ് വിവർത്തനസംഗ്രഹം. ന്യൂദൽഹിയിലെ മർകസി മക്തബെ ഇസ്‌ലാമിയാണ് 'Towards Understanding the Quran' എന്ന പേരിൽ ഇത് പ്രസിദ്ധീകരിക്കുന്നത്. സഫർ ഇസ്ഹാഖ് അൻസാരി വിവർത്തനവും എഡിറ്റിംഗും നിർവഹിക്കുന്നു.

പരമ്പരാഗത ഖുർആൻ വ്യാഖ്യാന കൃതികളിൽനിന്ന് തീർത്തും വ്യത്യസ്തമാണ് മൗലാനാ മൗദൂദിയുടെ *തഫ്ഹീമുൽ ഖുർആൻ.* വിശുദ്ധ വേദഗ്രന്ഥം വെറുതെ ഓതാനുള്ളതല്ലെന്നും അത് തന്റെ ജീവിതാദർശമാണെന്നും ഈ വ്യാഖ്യാന കൃതിയിലൂടെ കടന്നുപോകുന്ന ഒരാൾ കണ്ടെത്താതിരിക്കില്ല. ഇവിടെ സൂക്തങ്ങളെയും അധ്യായങ്ങളെയും ഒറ്റക്കൊറ്റക്ക് വ്യാഖ്യാനിക്കുകയല്ല, ഒരു മഹാസാകല്യമായി ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ പരിചയപ്പെടുത്തുകയാണ്. ഒരു കേന്ദ്ര ആശയത്തിന് ചുറ്റും സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം, നിയമപരം തുടങ്ങി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള ഇസ്‌ലാമിന്റെ നിർദേശങ്ങൾ മാലയിൽ മുത്തുമണികൾ എന്ന പോലെ അടുക്കിവെച്ചിരിക്കുന്നു. കൈകാര്യം ചെയ്യുന്ന ഓരോ വിഷയത്തിലും മൗലാനക്കുള്ള അഗാധ പാണ്ഡിത്യം *തഫ്ഹീമുൽ ഖുർആൻ* പാരായണത്തെ ഒരു വേറിട്ട അനുഭവമാക്കുന്നു.

ഇംഗ്ലീഷ് വിവർത്തനസംഗ്രഹത്തിൽ ഗ്ലോസറി, വിഷയസൂചിക, ജീവചരിത്ര കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി വ്യക്തത വരുത്തിയിട്ടുണ്ട്. സൈസ് 20 x 26/08. പേജ് 1408. വില 400 രൂപ.
Email: mmipub@nda.vsnl.net.in, Web: www.mmipublishers.net

# നൂറ് പേരിൽ അംറ് ഖാലിദും

**അമേരിക്കയിലെ** *ടൈം* വാരിക, ലോകത്ത് ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന നൂറ് പേരുടെ ലിസ്റ്റ് തയാറാക്കിയപ്പോൾ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് അതിൽ ഇടം കണ്ടെത്തിയില്ല. 'ബുഷിന് മുമ്പുണ്ടായിരുന്ന സ്വാധീനം വളരെയധികം നഷ്ടപ്പെട്ടതായി ഞങ്ങൾക്ക് തോന്നി'-*ടൈമി*ന്റെ ഡെപ്യൂട്ടി മാനേജിംഗ് എഡിറ്റർ അഡി ഇഗ്നേഷ്യസ് പറഞ്ഞു. അമേരിക്കയിലെ ഇരു ജനപ്രതിനിധിസഭകളിലും ഡെമോക്രാറ്റുകൾ ആധിപത്യം നേടിയതും വലിയൊരു വിഭാഗം റിപ്പബ്ലിക്കൻ പാർട്ടിക്കാർ ഉൾപ്പെടെയുള്ളവർ ബുഷിനെ കൈവിട്ടതുമാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതേസമയം 2000-ത്തിലെ തെരഞ്ഞെടുപ്പിൽ ബുഷിനെതിരെ മത്സരിച്ച ഡെമോക്രാറ്റുകളുടെ അൽഗോറും ഇപ്പോൾ അവരുടെ ബാനറിൽ പ്രസിഡന്റ് സ്ഥാനാർഥിയാകാൻ മത്സരിക്കുന്ന ഹിലാരി ക്ലിന്റനും ബറാക് ഒബാമയും യു.എസ് പ്രതിനിധിസഭാ സ്പീക്കർ നാൻസി പലോസിയും ലിസ്റ്റിൽ ഇടം കണ്ടെത്തിയിട്ടുണ്ട്.

കാലിഫോർണിയാ ഗവർണർ ആർനോൾഡ് ഷ്വാറ്റ്സ് നഗാർ, ഫിഡൽ കാസ്ട്രോയുടെ ഇളയ സഹോദരൻ റൗൾ കാസ്ട്രോ, ഇന്ത്യൻ നാഷ്നൽ കോൺഗ്രസ് നേതാവ് സോണിയാ ഗാന്ധി, ഇറാനിലെ പരമോന്നത ആത്മീയ നേതാവ് അലി ഖാംനഈ, ചൈനീസ് പ്രസിഡന്റ് ഹു ജിന്റാവോ തുടങ്ങിയവരും ലിസ്റ്റിൽ സ്ഥാനം പിടിച്ച പ്രമുഖരാണ്.

ലിസ്റ്റിലുള്ള പുതുമുഖങ്ങളിൽ ശ്രദ്ധേയനാണ് ഈജിപ്തുകാരനായ അംറ് ഖാലിദ്. 'നേതാക്കൾ, പുതുപാത വെട്ടുന്നവർ' എന്ന വിഭാഗത്തിൽ 64-ാം സ്ഥാനമാണ് അംറ് ഖാലിദിന്. ഇദ്ദേഹം പാശ്ചാത്യലോകത്ത് പരിചിതനല്ലെങ്കിലും, മുസ്‌ലിം ലോകത്ത് ഒരു 'റോക്ക് താര'മാണ് ഈ 39-കാരനെന്ന് *ടൈം* വിശേഷിപ്പിക്കുന്നു. ഇസ്‌ലാമികലോകത്ത് ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ടി.വി മതപ്രഭാഷകൻ (televangelist) എന്നാണ് *ന്യൂയോർക്ക് ടൈംസ്* നൽകുന്ന വിശേഷണം. പ്രശസ്ത ക്രിസ്ത്യൻ സുവിശേഷ പ്രസംഗകരായ ഡോ. ഫിൽ, പാറ്റ് റോബർട്സൺ എന്നിവരുമായാണ് അംറ് ഖാലിദിനെ *ടൈം* താരതമ്യം ചെയ്യുന്നത്. ഏറ്റവുമധികം സന്ദർശകരുള്ള അറബ് സൈറ്റുകളിലൊന്ന് അംറ് ഖാലിദിന്റേതാണ്. മതവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഇഖ്റഅ് എന്ന സുഊദി സാറ്റ്ലൈറ്റ് ചാനലിൽ ഇദ്ദേഹത്തിന്റെ സ്ഥിരം പരിപാടികൾക്ക് ധാരാളം പ്രേക്ഷകരുണ്ട്. ■

# വംശീയതയും വിഭജനവും ചെറുക്കും: ഇസ്‌ലാമിക് യൂനിയൻ

**കുർദ്** മേഖലയെ ഇറാഖിൽനിന്ന് വേർപ്പെടുത്തുന്നത് തങ്ങളൊരിക്കലും അംഗീകരിക്കുകയില്ലെന്ന് സ്വലാഹുദ്ദീൻ ബഹാഉദ്ദീൻ പറഞ്ഞു. "നേരത്തേയുണ്ടായിരുന്ന രാഷ്ട്രീയ, ഭരണ സംവിധാനങ്ങൾ തകർന്നതോടെ വലിയൊരു ശൂന്യത സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. വംശീയ, പ്രതികാര ചിന്തകൾ വെച്ചുപുലർത്തുന്നവരുടെ കൈകളിലാണ് സൈന്യത്തിന്റെ നിയന്ത്രണമെന്നത് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. വൈദേശിക അധിനിവേശത്തിന് അന്ത്യം കുറിക്കപ്പെടുകയും മുഖ്യധാരാ കക്ഷികൾക്ക് സ്വീകാര്യമായ ഒരു ദേശീയ അജണ്ട സമർപ്പിക്കപ്പെടുകയും ചെയ്തെങ്കിൽ മാത്രമേ പ്രശ്നപരിഹാരത്തിന് വഴിതെളിയുകയുള്ളൂ."

ഇറാഖി കുർദിസ്താനിൽ ഇഖ്‌വാനുൽ മുസ്‌ലിമൂനെ പ്രതിനിധീകരിക്കുന്ന ഇസ്‌ലാമിക് യൂനിയൻ ഓഫ് കുർദിസ്താന്റെ സെക്രട്ടറി ജനറലാണ് സ്വലാഹുദ്ദീൻ ബഹാഉദ്ദീൻ. മറ്റു രാഷ്ട്രീയ കക്ഷികളെപ്പോലെ അത്ര ചരിത്ര പാരമ്പര്യം അവകാശപ്പെടാനാവില്ലെങ്കിലും മേഖലയിലെ മൂന്നാമത്തെ പ്രബല രാഷ്ട്രീയ പാർട്ടിയായി ഇസ്‌ലാമിക് യൂനിയൻ ഉയർന്നുകഴിഞ്ഞു. മിക്ക സംഘടനകളും സ്വതന്ത്ര കുർദിസ്താന് വേണ്ടി വാദിക്കുമ്പോൾ ഇസ്‌ലാമിക് യൂനിയന്റെ വേറിട്ട സ്വരം രൂക്ഷ വിമർശനങ്ങൾക്ക് ഇടയാക്കി. ദേശീയ ഐക്യത്തിനുള്ള ഏത് നിർദേശവും സ്വാഗതം ചെയ്യുമെന്നാണ് സംഘടനയുടെ സുചിന്തിതമായ നിലപാട്. 2005 ഡിസംബർ 15-ന് നടന്ന ഇറാഖ് തെരഞ്ഞെടുപ്പിൽ ആരുമായും കൂട്ടുകൂടാതെ ഒറ്റക്ക് നിന്നാണ് ഇസ്‌ലാമിക് യൂനിയൻ അതിന്റെ നയനിലപാടുകൾക്ക് ജനപിന്തുണ തേടിയത്.

കുർദ് മേഖലയിലെ പ്രവിശ്യാ ഭരണകൂടവുമായി ഇസ്‌ലാമിക് യൂനിയൻ നല്ല ബന്ധത്തിലാണെന്ന് സ്വലാഹുദ്ദീൻ ബഹാഉദ്ദീൻ കൂട്ടിച്ചേർത്തു. "ഇവിടെ കുർദിഷ് നാഷ്നൽ കൗൺസിലിൽ ഞങ്ങൾക്ക് ഒമ്പത് എം.പിമാരും രണ്ട് മന്ത്രിമാരുമുണ്ട്. ബഗ്ദാദ് ഭരണകൂടത്തിലും ഇസ്‌ലാമിക് യൂനിയന്റെ ഒരു മന്ത്രിയുണ്ട്. ഇറാഖി പ്രതിനിധിസഭയിൽ അഞ്ച് എം.പിമാരും. പക്ഷേ കുർദുകളുടെ പേരിൽ യഥാർഥ ഭരണം കൈയാളുന്നത് ഇപ്പോഴും ഡെമോക്രാറ്റിക് പാർട്ടി, നാഷ്നൽ യൂനിയൻ എന്നീ രണ്ട് കക്ഷികളാണ്. ഞങ്ങളെപ്പോലുള്ള ഇതര കക്ഷികൾക്ക് അധികാരത്തിലുള്ള പങ്കാളിത്തം നാമമാത്രമാണ്." ■

മുദ്രകൾ

# ടോണി ബ്ലെയർക്ക് പുനർജന്മം!

**പുതിയ** ഫ്രഞ്ച് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട നിക്കളോസ് സർക്കോസിയിലൂടെ അമേരിക്കയുടെ വിശ്വസ്ത വിധേയനായ ടോണി ബ്ലെയർക്ക് പുനർജന്മം ലഭിച്ചിരിക്കുകയാണ്. അടുത്ത വർഷം ആദ്യം ടോണി ബ്ലെയർ പ്രധാനമന്ത്രി സ്ഥാനം ഒഴിഞ്ഞാലും അമേരിക്കക്ക് പേടിക്കേണ്ടതില്ല; സർക്കോസിയുണ്ട്, ശക്തനായ പകരക്കാരനായി-രാഷ്ട്രീയ നിരീക്ഷകനും *ലോ മോണ്ട് ഡിപ്ലോമാറ്റിക്* എന്ന ഫ്രഞ്ച് പത്രത്തിന്റെ എഡിറ്ററുമായ ആലൻ ഗ്രേഷിന്റേതാണ് ഈ അഭിപ്രായം. 'ഫ്രഞ്ച് രാഷ്ട്രീയത്തിന്റെ അറബികളോടുള്ള ആഭിമുഖ്യം' അവസാനിച്ചതായും പത്രം വിലയിരുത്തി. 'ഇസ്രയേലിനെ സംരക്ഷിക്കാൻ അമേരിക്കയിലെ നവ യാഥാസ്ഥിതികർക്ക് ലഭിച്ച ശക്തമായ പിൻബലമാണ് സർക്കോസിയുടെ വിജയം.'

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഉടനെ സർക്കോസിക്ക് ജോർജ് ബുഷിന്റെ അഭിനന്ദനസന്ദേശം വന്നു. ഫ്രഞ്ച്-അമേരിക്കൻ ബന്ധങ്ങൾക്ക് പുതിയ മാനം കൈവരുന്നതിന്റെ സൂചനയായാണ് നിരീക്ഷകർ ഇതിനെ കാണുന്നത്. മധ്യപൗരസ്ത്യദേശത്തെ ഫ്രാൻസിന്റെ പരമ്പരാഗത നയമാണ് തിരുത്തപ്പെടാൻ പോകുന്നത്. സർക്കോസിയുടെ വിജയം ഫ്രഞ്ച് മുസ്‌ലിംകളിൽ കടുത്ത ആശങ്കയുളവാക്കിയിട്ടുണ്ട്. 'സർക്കോസിയുടെ അടുത്ത നടപടി എന്തായിരിക്കുമെന്ന് മുസ്‌ലിംകൾ ആശങ്കയോടെയാണ് ഉറ്റുനോക്കുന്നത്'- ഫ്രഞ്ച് സെനറ്ററായ അലീമ ബൂമദീൻ പറഞ്ഞു. യൂറോപ്പിലെ ഏറ്റവും വലിയ മുസ്‌ലിം ന്യൂനപക്ഷമാണ് ഫ്രാൻസിലേത്. വലതുപക്ഷ വാദിയും അറബ് വിരോധിയുമായ സർക്കോസിയെ തുടക്കം മുതലേ മുസ്‌ലിംകൾ എതിർത്തിരുന്നു. ആദ്യ റൗണ്ട് വോട്ടെടുപ്പിൽ അവർ ഫ്രാങ്കോയാസ് ബൈറുവിനെയാണ് പിന്തുണച്ചത്. രണ്ടാം ഘട്ട വോട്ടെടുപ്പിൽ സോഷ്യലിസ്റ്റ് സ്ഥാനാർഥിയായ സെഗലീൻ റോയലിനെ പിന്തുണച്ചു. പക്ഷേ, സർക്കോസിയെ പരാജയപ്പെടുത്താനായില്ല. 53-47 ലീഡ് നേടി സർക്കോസി വിജയിച്ചു.

സർക്കോസി ആഭ്യന്തര മന്ത്രിയായിരിക്കെ 2005-ൽ കലാപം പൊട്ടിപ്പുറപ്പെട്ട പാരീസിന്റെ വടക്കൻ പ്രാന്തമായ സെയ്ൻ സെന്റ് ഡെനിസിൽ 56.54 ശതമാനം ലീഡുണ്ട് റോയലിന്. അറബ്-ആഫ്രിക്കൻ വംശജരുടെ പിന്തുണ ഇതിൽനിന്ന് ഊഹിക്കാം. വിദേശ വംശജർ തിങ്ങിപ്പാർക്കുന്ന Trappes പ്രദേശത്ത് റോയലിന് 70 ശതമാനം വോട്ട് ലഭിച്ചു. സർക്കോസിയുടെ വിജയം ഫ്രഞ്ച് ജനാധിപത്യം, ഫെഡറൽ ഘടന, ബഹുസ്വരത തുടങ്ങിയ പരമ്പരാഗത സ്തംഭങ്ങളെയെല്ലാം പിടിച്ചുലച്ചതായി നിരീക്ഷിക്കപ്പെടുന്നു. ■